ക. വാദവിഷയമായ വസ്തുവിന്റെ സല ക,ooo രൂപയോ അതിൽ കൂടുതലോ ആകുന്ന സംഗതികളിൽ കീഴ്ക്കോടതികളിൽനിന്നും അപ്പീൽ ഹൈക്കോടതിയിലേക്കല്ല, ഡിസ്ട്രിക്ട് കോടതിയിലേക്കാണ് അയയ്ക്കേണ്ടതെന്നു്.

ഖ. വാദവിഷയമായ വസ്തുവിന്റെ സല ള,ooo രൂപയിൽ കൂടുതലാകുന്ന സംഗതികളിൽ അപ്പീലുകൾ കേൾക്കുന്നതിനു മുന്നു ജഡ്ജിമാരടങ്ങിയ ഒരു ബഞ്ചു രൂപവല്ക്കരിക്കുന്ന ഇപ്പോഴത്തെ പതിവു നിറുത്തലാക്കേണ്ടതാണെന്നു്. അപ്രകാരമുള്ള അപ്പീലുകൾ രണ്ടു ജഡ്ജിമാർ മാത്രം കേട്ടാൽ മതിയാകും.

ന. ക,ooo രൂപയും അതിൽ കുറഞ്ഞും വില ഇട്ടിട്ടുള്ള പുനരപ്പീലുകളും പല വക അപ്പീലുകളും കേൾക്കുന്നതിനു് ഒരൊറ്റ ജഡ്ജിക്കു് അധികാരമുണ്ടായിരിക്കേണ്ടതാണു്.

ര. ഇപ്പോൾ ഒരു ജഡ്ജിയുടേയോ ജഡ്ജിമാരുടെ ഒരു ബഞ്ചിന്റേയോ മുമ്പാകെ വയ്ക്കപ്പെടുന്ന എല്ലാ ലായസീമാ (lawazima) സംഗതികളും റജിസ്ട്രാർ നോക്കേണ്ടതാണു്.

ഉ. സിവിലും ക്രിമിനലും കേസുകളിൽ പുനരധികാരം നൽകുന്ന വകുപ്പിനെ ജഡ്ജിമാർ നിശിതമായി വ്യാഖ്യാനിച്ചു പ്രയോഗിക്കേണ്ടതും, പുനരപ്പീലുകളെ സംബന്ധിച്ചു നിലവിലുള്ള വ്യവസ്ഥകൾകൂടി കൽനമായി അനുസരിച്ചു് അവർ പ്രവർത്തിക്കേണ്ടതുമാണെന്നു്.

(സി) ഇല്ല.

(ഡി) അതേപ്പറ്റി ഗവണ്മെണ്ടു് ആലോചിക്കുകയാണു്.

മുസ്ലീം ധർമ്മസ്ഥാപനങ്ങൾ

*ക൪൩ക. (ക്വ൭) ശ്രീ. എം. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) മുസ്ലീം വഖ്ഫ് സ്വത്തുക്കൾ (മുസ്ലീം ധർമ്മസ്ഥാപനങ്ങൾ) നമ്മുടെ സംയുക്ത സംസ്ഥാനത്തെ ഓരോ താലൂക്കിലും എത്രയുണ്ടെന്നു റജിസ്ട്രാപ്പീസുകൾ, വില്ലേജാപ്പീസുകൾ (പകൃതിക്കച്ചേരി) മുതലായ സ്ഥാപനങ്ങൾവഴി അന്വേഷണം നടത്തി അതിന്റെ ഒരു പട്ടിക അച്ചടിച്ചു മെമ്പറന്മാരുടെ മേശപ്പുറത്തു വയ്പ്പാൻ ദയവുണ്ടാകുമോ;

(ബി) വഖ്ഫ് സ്വത്തുക്കളുടെ ശരിയായ ഭരണത്തിനും നിയന്ത്രണത്തിനും ആവശ്യമായ നിയമനിർമ്മാണം ചെയ്യണമെന്നു കൊച്ചി നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത റസലൂഷന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമനിർമ്മാണം ചെയ്യുവാൻ വേണ്ട നടപടികളെടുക്കുവാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി കെ. നാരായണപിള്ള:

(എ) ശരിയായ statistics എടുക്കുന്നതിനു കുറെ കാലതാമസം വേണ്ടിവരുന്നതാണു്

(ബി) പാസ്സാക്കിയിട്ടുണ്ടു്.

(സി) ഇതിനെപ്പറ്റി ഗവണ്മെണ്ടു് ആലോചിക്കാം.

QUESTIONS POSTED FOR ANSWER ON 3RD DECEMBER 1949

സംസ്കൃതസ്കൂളിലെ പിന്നോക്കസമുദായവിദ്യാർത്ഥികൾക്കു സ്റ്റൈപ്പൻഡ്

*ക൪൩ന. (ക) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പിന്നോക്കസമുദായസംരക്ഷണമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്കൃതസ്കൂളുകളിൽ പഠിക്കുന്നവരും പിന്നോക്കസമുദായാംഗങ്ങളുമായ വിദ്യാർത്ഥികൾക്കു സ്റ്റൈപ്പൻഡു കൊടുക്കുവാനായി ഗവണ്മെണ്ടു തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഇപ്പോഴും അതു കൊടുത്തുവരുന്നുണ്ടോ;

(സി) പെരുമനം കരയോഗം സംസ്കൃതസ്കൂളിൽ പഠിച്ചുവരുന്ന (ഓടസമുദായത്തിൽപ്പെട്ട ഫന, കട്ടംബി ക, വേട്ടുവർ ര, പാണർ ഉ, വേലൻ ക) ഉ൫ കുട്ടികൾക്കു സ്റ്റൈപ്പൻഡു കൊടുക്കാതിരിക്കുന്നതു് എന്തുകൊണ്ടാണു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അധ്യാപകർക്ക് സ്റ്റൈപ്പൻഡു കൊടുക്കുന്നതിനുള്ള നിയമം അനുസരിച്ചു കൊച്ചിയിലുള്ള ൻ സംസ്കൃതസ്കൂളുകളിലുംകൂടി ഒരു കൊല്ലത്തിൽ ആകെ ഏറ വിദ്യാർത്ഥികൾക്കു മാത്രമേ സ്റ്റൈപ്പൻഡു കൊടുക്കുവാൻ നിവൃത്തിയുള്ളൂ. ടി സ്കൂളിൽ ഇക്കൊല്ലം വേലൻ സമുദായത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിക്കു മാത്രമേ സ്റ്റൈപ്പൻഡു കൊടുക്കുവാൻ സാധിച്ചിട്ടുള്ളൂ.

റോഡു മാറ്റം

*൨൪൩൪. (൧൧) സാഹിബ് ബഹദൂർ എം. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലം ടൌണിലെ തെക്കേ റോഡ് (ടൌൺ ഹാളിനു മുൻവശത്തുനിന്നും ടൌൺ പോലീസ് സ്റ്റേഷനു മുൻവശത്തുകൂടിയുള്ളതു) മുറക്കണമെന്നു കാണിച്ച് കൊല്ലം നഗരസഭയിൽനിന്നും, പൊതുജനങ്ങളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ക്കൊല്ലം നഗരസഭയിൽനിന്നും നിവേദനം ഉണ്ടായിട്ടുണ്ട്.

(ബി) ഈ ജോലിക്കു വേണ്ട എസ്റ്റിമേറു തയാറായിട്ടുണ്ടെങ്കിലും സൌത്തിൻഡ്യൻ റെയിൽവെ കമ്പനിക്കാർ വഹിക്കേണ്ട ഭാഗം ജോലിയെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ശരിപ്പെടുത്തുന്നകാര്യം ഗവൺമെണ്ടിന്റെ ആലോചനയിലിരിക്കുകയാണ്.

പള്ളിമൺ–ആയൂർ റോഡ്

*൨൪൩൫. (൪൫) ശ്രീ. ആർ. അച്യുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം താലൂക്കിൽ കണ്ണനല്ലൂർനിന്നും തുടങ്ങി നെടുമ്പന, പള്ളിമൺ, വിയണ്ണൂർ മുതലായ സ്ഥലങ്ങളിൽക്കൂടി പൂയപ്പള്ളിയിൽ ചെന്നുചേരുന്ന പള്ളിമൺ–ആയൂർ റോഡു ഗതാഗതയോഗ്യമല്ലാതായിക്കിടക്കുന്ന വിവരം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡിൽ പള്ളിമൺ എന്ന സ്ഥലത്തു് ഒരു കലുങ്കു കെട്ടിക്കൊടുക്കണം എന്നു നാട്ടുകാർ അപേക്ഷിച്ചിട്ടുണ്ടോ;

(സി) ഈ റോഡും കലുങ്കും ഗതാഗതയോഗ്യമാക്കുന്നതിനു ഗവൺമെണ്ടു ശ്രദ്ധിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി) കലുങ്കിനു പ്രത്യേകമായി അപേക്ഷിച്ചിട്ടില്ല. പക്ഷെ കലുങ്കുംകൂടി ഉൾപ്പെട്ടുത്തിയുള്ള റോഡുവേലകൾക്കു് അപേക്ഷിച്ചിട്ടുണ്ട്.

(സി) ശ്രദ്ധിക്കാം.

KOTTAR-EATHAMOZHI BUS SERVICE

2466. [168]* **Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Works and Communications be pleased to state.—

(*a*) whether the Government have received a petition on 21st October 1949 from one Mr. M. S. Ponniah Nadar, Murungavilai, Rajakkamangalam A.O. and others of the locality for extension of Kottar-Eathamozhi bus service up to Panti Vaikal bridge on the Dharmapuram-Rajakkamangalam road;

(*b*) if so, the action taken on the same, and

(*c*) if the answer to part (*b*) is in the negative, the reasons therefor?

The Hon'ble Sri. E. John Philipose:

(*a*) Yes.

(*b* and *c*) The petitition is kept pending by the Inspector General of Police in view of the general prohibitory order of the Government on the issue of fresh permits to buses.

കോളേജു് സ്ഥാപനം

*൨൪൩൭. (൨൦൦) ശ്രീ. യു. കെ. വാസുദേവനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പന്തളത്തും, കോഴഞ്ചേരിയിലും, പത്തനംതിട്ടയിലും ഓരോ കോളേജുകൾ സ്ഥാപിക്കുന്നതിനു വല്ല അപേക്ഷകളും ഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly